LIBRARY ARCHIVES Kerala Legislative Assembly

**കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക**

**76 (5481)** ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക കഴിഞ്ഞ ഒരു വർഷമായി ഒഴിഞ്ഞുകിടക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി തൊഴിൽ സ്ഥാപനങ്ങളും തൊഴിലാളികളും വിവിധ സർട്ടിഫിക്കറ്റുകൾക്കായി ബുദ്ധിമുട്ട് അനുഭവിച്ചു വരുന്നത് കണക്കിലെടുത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ 2-2-2009 മുതൽ വിവിധ ഘട്ടങ്ങളിൽ വിവിധ അവധികളിൽ പ്രവേശിച്ചിട്ടുള്ളതിനാലാണ് സ്ഥിരമായ നിയമനം നടത്താൻ കഴിയാതിരുന്നത്. അവധി കാലയളവിൽ മറ്റ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് അധികച്ചുമതല നൽകിയിട്ടുണ്ട്.

(സി) അവധി കാലയളവിൽ തൃശ്ശൂർ രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ, ചാവക്കാട് അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവർക്ക് പൂർണ്ണ അധികച്ചുമതല നൽകിയിരുന്നു. ചാവക്കാട് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികച്ചുമതല ഇപ്പോഴും തുടരുന്നു. അവിടെ സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

**തൊഴിൽ തർക്കം സംബന്ധിച്ച പരാതികൾ**

**77 (5482)** ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-9-2009 മുതൽ 30-9-2009 വരെ തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ ഓഫീസർ മുമ്പാകെ തൊഴിൽ തർക്കം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു;

(ബി) അതിൽ എത്ര പരാതികൾ അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചു ;

(സി) എത്ര പരാതികൾ അനുരഞ്ജന ചർച്ചകളിൽ ഫലം കാണാതെ കിടപ്പുണ്ട് ;

(ഡി) ഈ പരാതികളിൽ തൊഴിലാളികളോ ട്രേഡ് യൂണിയനുകളോ അവരുടെ തൊഴിൽ തർക്കം ട്രൈബ്യൂണലിനോ ലേബർ കോടതിയിലോ റഫർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ആരെല്ലാം ; ഏതെല്ലാം കേസുകളിൽ ഏതെല്ലാം തീയതികളിലാണ് അങ്ങനെ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ ഓഫീസർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ജി) ഏതെല്ലാം കേസ്സുകൾ ഇനിയും ട്രൈബ്യൂണലിനോ ലേബർ കോടതിയ്ക്കോ റഫർ ചെയ്യാനുണ്ട് ; അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) അനുരഞ്ജന ചർച്ച കഴിഞ്ഞിട്ടും യാതൊരു തുടർ നടപടിയും സ്വീകരിക്കാതെ മാസങ്ങളോളം പല തൊഴിൽ തർക്ക കേസുകളും കൺസിലിയേഷൻ ഓഫീസർമാരുടെ കൈവശം കെട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ജെ) ഇത്തരം കേസ്സുകളിൽ ലോകായുക്ത മുമ്പാകെ എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ;

(കെ) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ ലേബർ ഓഫീസിൽ ലഭിക്കുന്ന പരാതികളിൽ ചിലത് നടപടി സ്വീകരിക്കുന്നതിനായി ജില്ലാ ലേബർ ഓഫീസർ ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് നൽകുകയാണ് ചെയ്യുന്നത്. അപ്രകാരമുള്ള 7 പരാതികൾ 1-9-2009 മുതൽ 30-9-2009 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) 4 പരാതികൾ പരിഹരിച്ചു.

(സി) ഒരു പരാതി ജില്ലാ ഓഫീസ് തലത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കാത്തതിനാൽ കേരള കാർഷിക തൊഴിലാളി നിയമം 1974 വകുപ്പ് 22 (3) പ്രകാരം ജില്ലാ കളക്ടർക്ക് (അഗ്രിക്കൾച്ചറൽ ട്രൈബ്യൂണൽ) നടപടി സ്വീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്. രണ്ട് പരാതികളിന്മേൽ നടപടി തുടരുന്നു.

(ഡി). ഒരു പരാതിയിൽ തൊഴിലാളി, തൊഴിൽ തർക്കം ട്രിബ്യൂണൽ/ലേബർ കോടതിയിൽ റഫർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പരാതിക്കാരനായ ശ്രീ. സെൽവരാജ് 25-2-2010 തീയതിയിലെ അനുരഞ്ജന ചർച്ചയിലും ഒത്തുതീർപ്പാകാത്തതിനെ തുടർന്ന് അടിയന്തരമായി മേൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അനുരഞ്ജന ചർച്ചയിൽ ഒത്തുതീർപ്പിലെത്താൻ സാധിക്കാത്തതിനാൽ കേരള കാർഷിക തൊഴിലാളി നിയമം 1974 വകുപ്പ് 22 (3) പ്രകാരം മേൽ നടപടിക്കായി അഗ്രിക്കൾച്ചറൽ ട്രൈബ്യൂണലിന് (തിരുവനന്തപുരം ജില്ലാ കളക്ടർക്ക്) നൽകിയിട്ടുണ്ട്.

(ജി) ടി കാലയളവിൽ ലഭിച്ച 2 പരാതികളിന്മേൽ നടപടി തുടരുന്നു. അനുരഞ്ജന ചർച്ച പരാജയപ്പെടുകയാണെങ്കിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനോ ലേബർ കോടതിക്കോ റഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

(ജെ) ഇല്ല.

(കെ) ബാധകമല്ല.

## ചിക്കോപ്സിന്റെ പുനഃസംഘടന

**78 (5483)** ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കോപ്സിന്റെ പുനഃസംഘടന സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പുനഃസംഘടന സംബന്ധിച്ച നിലവിലെ തടസ്സങ്ങൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ ;

(ഡി) നിലവിലെ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ചിക്കോപ്സിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നികുതി (എക്സൈസ്) വകുപ്പിന്റെ കീഴിൽ മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് വിദേശമദ്യ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കുന്നതിനായി കിറ്റ്കോയെ ചുമതലപ്പെടുത്തുകയും കിറ്റ്കോ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിക്കോപ്സിനെ നികുതി വകുപ്പിന്റെ കീഴിൽ കൊണ്ടുവരികയും വിദേശമദ്യ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് G.O. (Rt) 1008/08/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയും ചെയ്തു. പുതിയ കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ശ്രീ. റൊമാനസ് ഹൊറൊ, ഐ.എ.എസ്.

LIBRARY ARCHIVES Kerala Legislative Assembly